"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - രണ്ട് ദിവസത്തെ കുടിശ്ശിക ശമ്പളം നൽകുന്നത് - ഒന്നാംതരം ഓവർസിയർ ശ്രീമതി ജിഷ.പി.കെ.യുടെ(പെൻ: 402182) അപേക്ഷ - അനുമതി നൽകി - ഉത്തരവുപുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1735/2026/LSGD തീയതി,തിരുവനന്തപുരം, 14-09-2026

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.07.2026-ലെ LSGD/PD/19371/2026-AE7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ സെക്കന്റ് ഗ്രേഡ് ഓവർസിയർ ആയി സേവനമനുഷ്ഠിയ്ക്കവെ, ശ്രീമതി ജിഷ.പി.കെ. (പെൻ: 402182)-യ്ക്ക് ഫസ്റ്റ് ഗ്രേഡ് ഓവർസിയറായി സ്ഥാനക്കയറ്റം ലഭിച്ച് തൂണേരി ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചതിനെത്തുടർന്ന് ബാലുശ്ശേരി ബ്ലോക്കിൽ നിന്നും 28.02.2020-ൽ വിടുതൽ ചെയ്ത് 29.02.2020-ൽ തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ആയി ജോലിയിൽ പ്രവേശിച്ചെന്നും, എന്നാൽ ടിയാളുടെ സർവ്വീസ് വിവരങ്ങളും ശമ്പളക്രമീകരണങ്ങളും പരിശോധിക്കുന്നവേളയിൽ 2020 ഫെബ്രുവരി മാസത്തിലെ 2 ദിവസത്തെ ശമ്പളം(28.02.2020 (@27800/-), 29.02.2020 (@29200/-) ടിയാൾ വാങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് SPARK വഴി ₹2,445/- രൂപയുടെ ശമ്പള ബിൽ കോഴിക്കോട് അഡീഷണൽ സബ് ട്രഷറിയിൽ സമർപ്പിച്ചെങ്കിലും, ബില്ലിന്റെ കാലാവധി 5 വർഷം കഴിഞ്ഞതിനാൽ ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമാണെന്ന് കണ്ട് ബിൽ നിരസിച്ചെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ടുചെയ്തിട്ടുണ്ട്. അതോടൊപ്പം, ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിയോടെ, പ്രസ്തുത തുക പാസ്സാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ട്രഷറിയിൽ നിന്നുള്ള നോൺപേയ്മെന്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി പരിശോധിക്കേണ്ടതാണെന്ന വ്യവസ്ഥയിലും, തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിലും, ശ്രീമതി ജിഷ.പി.കെ.-യ്ക്ക് 2020 ഫെബ്രുവരി മാസത്തിലെ

**28.02.2020, 29.02.2020** എന്നീ തീയതികളിലെ ശമ്പളം മാറി നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് വാല്യം **1** ആർട്ടിക്കിൾ **56** (എ) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**DIPUKUMAR S L**

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി ജിഷ.പി.കെ.(പെൻ: **402182**), ഒന്നാംതരം ഓവർസിയർ

(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (**08.09.2026**-ലെ **e-3572914**/ഡെവ-**1/155/2026**-ധന പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (**EWB2/200/2026-LSGD**)

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 14-09-2026
15:49:50

സെക്ഷൻ ഓഫീസർ